പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1178 30.09.2016-ലെ മറുപടിക്ക്

## റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ എന്നാണ് പ്രവർത്തനം ആരംഭിച്ചത്; എത്ര ഷെഡ്യൂളുകളാണ് ഇവിടെയുളളത്; ഈ ഷെഡ്യൂളുകൾ നടത്തുന്നതിനായി എത്ര ബസ്സുകളാണ് ഇവിടെയുളളത്; എത്ര ജീവനക്കാരാണ് ഇവിടെയുളളത്; വ്യക്തമാക്കുമോ; | (എ) | റാന്നി ഓപ്പറേറ്റിംഗ് സെന്റർ 2013 ഫെബ്രുവരി മാസം 15-ാം തീയതി പ്രവർത്തനം ആരംഭിച്ചു. ടി ഓപ്പറേറ്റിംഗ് സെന്ററിൽ 6 ഫാസ്റ്റ് പാസഞ്ചർ സർവ്വീസും, 2 നോൺ എ.സി. ലോ ഫ്ളോർ സർവ്വീസുകൾ ഉൾപ്പെടെ 17 ഷെഡ്യൂളുകളാണ് ഉള്ളത്. ടി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിലേക്കായി 22 ബസ്സുകളുണ്ട്.<br>നിലവിലെ ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>ഇൻസ്പെക്ടർ ഇൻചാർജ്ജ് - 1<br>ചാർജ്ജ്മാൻ - 1<br>മെക്കാനിക്ക് - 11<br>കണ്ടക്ടർ-35 (17 സ്ഥിരം, 18 താൽക്കാലികം)<br>ഡ്രൈവർ- 38 (35 സ്ഥിരം, 3 താൽക്കാലികം)<br>മിനിസ്റ്റീരിയൽ-2 (1സ്ഥിരം, 1 താൽക്കാലികം)<br>ആകെ ജീവനക്കാർ - 88 |
| (ബി) | ജീവനക്കാരുടെ അഭാവംമൂലം ഷെഡ്യൂളുകൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ വിവിധ ഡിപ്പോകളിൽ ജോലി നോക്കി വരുന്നതും റാന്നിയിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടവരുമായവരുടെ ലിസ്റ്റ് എം.എൽ.എ നൽകിയാൽ അവരെ റാന്നിയി | (ബി) യും (സി) യും | ഉണ്ട്.<br>റാന്നി ഓപ്പറേറ്റിംഗ് സെന്ററിലേയ്ക്ക് 5 കണ്ടക്ടർമാർക്കും ഒരു ഡ്രൈവർക്കും സ്ഥലം മാറ്റം നൽകണമെന്ന് എം.എൽ.എ ആവശ്യപ്പെട്ടിരിക്കുന്നത്. പ്രസ്തുത കത്തിൽ, തിരുവല്ല യൂണിറ്റിലെ എംപാനൽ കണ്ടക്ടറായ ശ്രീ.സി.എ.സജീവിന് റാന്നി ഓപ്പറേറ്റിംഗ് സെന്ററിലേയ്ക്ക് സ്ഥലം മാറ്റം |

| | | | |
|---|---|---|---|
| | ലേക്ക് സ്ഥലം മാറ്റം നൽകാം എന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പനുസരിച്ച് എത്ര പേരെയാണ് റാന്നിയിലേക്ക് സ്ഥലം മാറ്റിയത്; സ്ഥലം മാറ്റം നൽകിയില്ലെങ്കിൽ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | | ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിലവിൽ ടിയാൻ റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ തന്നെയാണ് ജോലി ചെയ്തുവരുന്നത്. ശേഷിക്കുന്ന 4 കണ്ടക്ടർമാർക്കും റാന്നിയിലേയ്ക്ക് എം.എൽ.എ ആവശ്യപ്പെട്ട പ്രകാരം സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ട്. ശ്രീ.പി.ജി.റെജി. ഡ്രൈവർക്ക് പ്രസ്തുത കത്തിൽ എം.എൽ.എ ആവശ്യപ്പെട്ടത് പ്രകാരം റാന്നി യൂണിറ്റിലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. |
| (സി) | ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിലെടുത്ത തീരുമാനം നടപ്പാക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു വകുപ്പുതല നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ